**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1773** **12-09-2023 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിലെ വിവിധ കൃഷിഭവനുകളുടെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരി മണ്ഡലത്തിൽ 2023-24 കാലയളവിൽ വിവിധ കൃഷിഭവനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികളും, അവയ്ക്കായി വകയിരുത്തിയ പദ്ധതി വിഹിതവും, പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കാമോ? | (എ) | വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ സ്മാർട്ട് കൃഷിഭവൻ സ്ഥാപിക്കുന്നതിന് വടക്കാഞ്ചേരി കൃഷി ഭവൻ തെരഞ്ഞെടുത്ത് 2022-2023 സാമ്പത്തിക വർഷത്തിൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ്. ട്രഞ്ചെ 27 പദ്ധതിയിൽ സ.ഉ(സാധാ)296/2022 തീയതി 08.04.2022 പ്രകാരം 213.70 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവ്വഹണ ചുമതല കെ.എൽ.ഡി.സിയ്ക്കാണ്. ഈ പദ്ധതിയുടെ കെട്ടിട നിർമ്മാണത്തിന്റെ ടെണ്ടറിംഗ് നടപടികൾ പൂർത്തീകരിക്കുകയും കരാറുകാരൻ 13/04/2023-ൽ എഗ്രിമെന്റ് വെയ്ക്കുകയും ചെയ്തിട്ടുണ്ട്. കൃഷിഭവന്റെ പ്രവർത്തനം മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റിക്കൊണ്ട് നിലവിലെ കൃഷിഭവൻ പൊളിച്ചുനീക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ കൃഷി ഭവൻ മാറ്റുന്നതുമായി ബന്ധപ്പെട്ട് വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയുടെ തീരുമാനം ലഭിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ